# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2600 18.06.2018 ൽ മറുപടിക്ക്**

**ലോക്കൽ മാർക്കറ്റ് റേറ്റ് നിശ്ചയിക്കുന്നതിൽ കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) പദ്ധതി നടത്തിപ്പിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന എൽ.എം.ആർ (ലോക്കൽ മാർക്കറ്റ് റേറ്റ്) പ്രസിദ്ധീകരിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് ഏജൻസിയെയാണ് ; | എ) നിലവിൽ ജി ഒ (ആർ റ്റി) നം. 1213/2017/പി ഡബ്ല്യു ഡി തീയതി 11.08.2017 പ്രകാരം ലോക്കൽ മാർക്കറ്റ് റേറ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടത് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റാണ്. |
| ബി) എത്ര കാലാവധിയ്ക്കുള്ളിലാണ് എൽ.എം.ആർ. പുതുക്കി പ്രസിദ്ധീകരിക്കേണ്ടത്; | ബി) ക്വാർട്ടേർലി (മൂന്ന് മാസം കൂടുമ്പോൾ) ആണ് എൽ എം ആർ പ്രസിദ്ധീകരിക്കേണ്ടത്. |
| സി) എൽ.എം.ആർ. നിശ്ചയിച്ച് അവസാനം പ്രസിദ്ധീകരിച്ചത് എന്നാണ് ; | സി) ഒക്ടോബർ - ഡിസംബർ 2017 കാലയളവിലാണ് പ്രസിദ്ധീകരിച്ചത്. |
| ഡി) എൽ.എം.ആർ. നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ അത്തരം സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) ജി ഒ (പി) നം.16/2017/ഫിൻ തീയതി 06.02.2017 പ്രകാരം ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റാണ് എൽ എം ആർ പ്രസിദ്ധീകരിക്കേണ്ടത്. എന്നാൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് എൽ എം ആർ പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം വരുന്നതിനാൽ ഇതുവരെ ചെയ്ത പോലെ പൊതുമരാമത്ത് വകുപ്പിന് എൽ എം ആർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനായുള്ള അനുമതി ഡിസംബർ 2017 വരെ നൽകിയിരുന്നു. ഡിസംബർ 2017ന ശേഷം എൽ എം ആർ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടത് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റാണ്. എന്നാൽ പ്രസ്തുത ഡിപ്പാർട്ട്മെന്റ് എൽ എം ആർ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ വീണ്ടും കാലതാമസം വന്ന സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ധനവകുപ്പുമായി ബന്ധപ്പെട്ട് എൽ എം ആർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്ന രീതി തുടരുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ